**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**<u>വിജ്ഞാപനം</u>**

**<u>കീം – 2026</u>**
**<u>ഫാർമസി കോഴ്സിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ്</u>**
**<u>ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു.</u>**

2026–ലെ ഫാർമസി കോഴ്സിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് നടപടികൾ 14.08.2026 ന് ആരംഭിച്ചു.

**<u>പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.</u>**

മൂന്നാം ഘട്ടത്തിൽ ഫാർമസി കോഴ്സിലേയ്ക്ക് പുതിയതായി ഓപ്ഷനുകൾ ഓൺ ലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ഫാർമസി റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **14.08.2026 മുതൽ 16.08.2026, 11.59 PM വരെ** ഓപ്ഷനുകൾ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണ്. മുൻ ഘട്ടങ്ങളിലെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരെയും, ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരെയും ഈ ഘട്ടത്തിലെ അലോട്ട്മെന്റിൽ പരിഗണിക്കണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.

ഫാർമസി കോഴ്സിലേയ്ക്ക് മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റ്/അഡ്മിഷൻ ലഭിക്കുകയും എന്നാൽ ഈ ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ അലോട്ട്മെന്റ് പ്രകാരം പ്രവേശനം നേടിയിട്ടുണ്ടെങ്കിൽ അത് നിലനിൽക്കുന്നതായിരിക്കും.

***<u>ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ ഘട്ടത്തിലെയും, ഈ ഘട്ടത്തിലെയും അലോട്ട്മെന്റുകൾ റദ്ദാകുന്നതാണ്.</u>***

**<u>താൽക്കാലികമായ അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു</u>**

| | |
|---|---|
| **14.08.2026** | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| **16.08.2026, 11.59 PM** | ഓപ്ഷൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **18.08.2026** | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **19.08.2026** | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ |

| | |
|---|---|
| **20.08.2026 to 22.08.2026** | രേഖപ്പെടുത്തിയിട്ടുള്ള ഫീസ് ഓൺലൈനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കുകയും അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്നതിനുള്ള സമയം. |

**<u>ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്</u>**

ഫാർമസി കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി ഈ ഘട്ടത്തിൽ പുതിയതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **2,000/-രൂപ** (രണ്ടായിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്ന കോഴ്സിന്റെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്. എസ്.സി./എസ്.ടി/ഒ.ഇ.സി.ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർ ത്ഥികൾ G.O.(Ms.)No.25/2005/SCSTDD dated 20.06.2005, G.O.(Ms.)No.10/2014/BCDD dated 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി **500/- രൂപ** (അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ഇവർക്ക് പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ Caution Deposit-ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്.അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക തിരികെ നൽകുന്നതിനായി കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകേണ്ടതാണ്.

**<u>കുറിപ്പ്</u>**-ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്ട്രേഷൻ നടത്താത്തവരെ യാതൊരു കാരണവശാലും അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല

**ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487**

Digitally signed by
R Manoj
Date: 14-08-2026
12:11:59

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
14-08-2026